KOTTAYAM PUBLIC LIBRARY

Call No MA3 Acc. No 14349

Author നമ്പ്യാർ സി.കെ

Title രാജ്യഭാരം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# രാജ്യധൎമ്മം.

—:o:—

ഗ്രന്ഥകൎത്താ,

## സി. കെ. നമ്പ്യാർ.

പ്രകാശകൻ,
പി. ഗോവിന്ദപ്പിള്ള,
"വിദ്യാവിലാസിനി" ബുക്ക് ഡിപ്പോ,
ചാല—തിരുവനന്തപുരം.

൧-ാംപതിപ്പ് കാപ്പി—൧൦൦൦.

"മനോമോഹനം" പ്രസ്സ്,
കൊല്ലം.

൧൦൮൯.

പുസ്തകത്തിന്റെ തീൎപ്പാവകാശം പ്രകാശകന്.
പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി
വ്യാജമാകുന്നു.

MA3c

# മുഖവുര.

ഈ പുസ്തകത്തിൽ അടങ്ങിയകഥ ഒരു പ്രാചീനസംഭവമാണെന്ന് എല്ലാ മഹത്തുക്കൾക്കും ഒരുപോലെ അറിവുള്ളതാണ്. പുരാതനമായി അംബരീഷൻ എന്ന ഒരു മഹാരാജാവ് ഒരു മഹദ്വ്രതത്തെ ദീക്ഷിക്കുകയും ആ വ്രതം മുടക്കുവാനായി ദേവന്മാർപോലും ശ്രമിക്കുകയും രചയ്ക്കിട്ടുണ്ടായിരുന്നു. ഈ കഥ മഹാഭാഗവതത്തിലുണ്ടെങ്കിലും, ബങ്കാളിഭാഷയിലാണ് "ആയത് സവിസ്താരമായി പ്രസ്താവിച്ചിട്ടുള്ളതെന്ന, ബങ്കാളത്തിൽനിന്ന് ആ നാട്ടുഭാഷയായ ബങ്കാളിയിലുള്ള" ഒരു ബുക്ക് നമുക്കു വായിക്കാൻ ഇടവന്നതായസമയം അറിവാൻ ഇടവന്നു. ആ കാലംമുതൽ മലയാളഭാഷയിലും ഇതേമാതിരി ഒരുപുസ്തകം എഴുതണമെന്ന് അത്യാഗ്രഹം വദ്ധിച്ചു. ഈ ചെറിയ പദ്യകാവ്യം സവിസ്താരമായി പൊതുജനക്ഷേമത്തിലേക്കുവേണ്ടി എഴുതി മഹജ്ജനസമക്ഷത്തിൽ സമപ്പിക്കുന്നു.

14·

ഗ്രന്ഥകത്താ, സി. കെ. നമ്പ്യാരു്,

15·

തലശ്ശേരി,

മലബാർ.

ക്കാ...

# വിഷയാനുക്രമണിക.

—:*:—

1. അംബരീഷമഹാരാജാവിന്റെ വ്രതനിഷ്ഠ.
2. ടി രാജ്യപരിപാലനം.
3. ടി വൈരാഗ്യം.
4. നാരദമഹൎഷിയുടെമനസ്താപം. ടി-സ്വർല്ലോകഗമനം.
5. ഇന്ദ്രനാരദസംവാദം.
6. ദേവേന്ദ്രൻഅംബരീഷനോടുയുദ്ധത്തിനുപുറപ്പെടുന്നതു.
7. നാരദമഹൎഷി ദേവേന്ദ്രനെ സമാധാനിപ്പിക്കുന്നതു്.
8. ദുൎവ്വാസാമഹൎഷിയുടെ തപോഭംഗം.
9. ടി ദേവലോകപ്രവേശന.
10. ദേവസ്ത്രീകളുടേയും ഐരാവതത്തിന്റേയും ഭയം.
11. ദുൎവ്വാസാവുമഹൎഷിയും ദേവേന്ദ്രനുമായുള്ള സംഭാഷണം.
12. ദുൎവ്വാസാഗമനം.

൨-ാം ഭാഗം.

13. ദുൎവ്വാസാമഹൎഷി അംബരീഷമഹാരാജധാനിയിൽ പ്രവേശിക്കുന്നതു്.
14. മഹാരാജാവു് മഹൎഷിയെ പൂജിച്ചു് ദ്വാദശിപാരണയ്ക്കു ക്ഷണിക്കുന്നതു്.
15. മഹൎഷി ഗംഗയിൽ സ്നാനത്തിനുപോയി വ്രതംമുടക്കാനുള്ള തന്ത്രനിരൂപണം.

16. പാരണയ്ക്കനിശ്ചയിച്ച സമയം അതിക്രമിച്ചനിമിത്തം മഹാരാജാവിൻെറ പരിഭ്രമം.

17. നാരദമഹർഷി അംബരീഷരാജധാനിയിൽ പ്രവേശിക്കുന്നതു്.

18. ബ്രാഹ്മണരുടേയും ബ്രാഹ്മണസ്ത്രീകളുടേയും നിലവിളി.

19. ശിവൻ, പാർവ്വതി, ബ്രഹ്മാവു്, ഐരാവതം, ഇന്ദ്രൻ, ഇവരുടെ സംഭ്രമം.

20. മഹാരാജാവു് അശരീരികേൾക്കുന്നതു്.

21. മഹാരാജാവു് ദുർവ്വാസാമഹർഷിയെക്കൂടാതെ പാരണ കഴിക്കൽ.

22. പടനായകന്മാർ, ഗജങ്ങൾ, തുരഗങ്ങൾ ഇവകളുടെ-വിവരണം.

23. ദുർവ്വാസാവിൻെറ ആഗമനം, കൃത്തികയുടെ ഉത്ഭവം, ബ്രാഹ്മണവധം.

24. കൃത്തിക മഹാരാജാവിൻെറനേരേ ഓടിച്ചെല്ലുന്നതു്.

25. ശ്രീപാലാഴിയിൽ മഹാലക്ഷ്മിയുടെ മടിയിൽനിന്നു്-വിഷ്ണുനിദ്രയുണന്നു് ശ്രീചക്രംചുഴററിഅയയ്ക്കുന്നതു്.

26. മഹാരാജാവും ധർമ്മപത്നിമാരുംനിലവിളിച്ചു് ഓടുന്നതു.

27. ദുർവ്വാസാവുമഹർഷിയുടെ അഹങ്കാരം.

28. പതിനായിരംആദിത്യപ്രാഭവത്തോടുകൂടി മഹാസുദർശനം അംബരീഷമഹാരാജാവിൻെറമുമ്പിൽ പ്രത്യക്ഷമാകുന്നതു്.

29. കൃത്തികാദഹനം.

30. ദുൎവ്വാസാമഹൎഷിയെ ചക്രംചുഴന്നടുക്കൽ;
31. ദുൎവ്വാസാമഹൎഷിയുടെ മന്ത്രധ്യാനം.
32. ചക്രം കോടിസൂൎയ്യപ്രകാശമായി ജ്വലിക്കുന്നതു്.
33. ദുൎവ്വാസാമഹൎഷിയുടെ ഓട്ടം.
34. ദേവേന്ദ്രന്റെ അടുക്കൽചെന്നു രക്ഷപ്രാപിക്കൽ.
35. അമരാവതിയും കല്പകവൃക്ഷവും ദഹിക്കുന്നതു്.
36. ദേവേന്ദ്രൻ ദുൎവ്വാസാവിനെ മടക്കി അയയ്ക്കുന്നതു്.
37. ബ്രഹ്മാവു്, ശിവൻഇവരിൽനിന്നുപററിയഇച്ഛാഭംഗം.
38. ഇച്ഛാഭംഗംവന്നതുനിമിത്തം ആത്മഹത്തിചെയ്വാ-
നായി ഗംഗയിൽ ചാടിവീഴുന്നതു്.
39. വിഷ്ണുലോകത്തു് എത്തിച്ചേരൽ.
40. വിഷ്ണുവുമായുള്ള സംഭാഷണം.
41. മഹൎഷിമടങ്ങി അംബരിഷനെ ശരണംപ്രാപിക്കൽ.
42. അംബരീഷൻ ആത്മഹത്തിചെയ്വാൻശ്രമിക്കുന്നതു്.
43. സുദൎശനം മഹാരാജാവു പിടിച്ചടക്കുന്നതു്.
44. മഹൎഷിയും മഹാരാജാവും യോജിച്ചുഭക്ഷണംകഴിക്കൽ.

———o———

ശ്രീ

# രാജധൎമ്മം.

ഗുണഗണമിയലും ഗണേശനുംസൽ-
ഗുണവതിയാകിയ വാണിദേവിതാനും.
പ്രണയനിധികളാം ഗുരുക്കളും മേ
ളുണയരുളീടുകയിങ്ങു വേണ്ടവണ്ണം. ൧

കനകമണിമയം കലൎന്നചെന്താർ
മനമതിലിങ്ങമരുന്ന ലോകമാതാം
കനകരുചിഭരപ്രഭാംഗി മൂകാം-
ബികയുമെനിക്കു തുണയ്ക്കു വിഘ്നമന്യേ. ൨

അതിനയമൊടു ഞാമ്പറഞ്ഞിടും ഭൂ-
പതികഥ ഭാഗവതത്തിലുള്ളതാണേ
മതിഗുണമിയലുന്ന ദിവ്യർ വായി-
ച്ചിതു കുതുകാലറിവാൻ രചിച്ചിടുന്നു. ൩

അമലമതിയതാം നൃപന്നുപണ്ട-
ങ്ങമലമതാകിയ വിഷ്ണുഭക്തിമൂലം
അമിതഗുണമുദിച്ചുവന്നതും ദു-
ൎമ്മതി ചതിപെട്ടതുമാണതിപ്രബന്ധം. ൪

അതിഭക്തനതാംബരീഷഭൂപ-
ന്മതിമാൻ ഭൂപതിവൎയ്യനിന്ദ്രതുല്യൻ
കരുണാകരനിൽ പ്രിയംമുഴുത്ത-
പ്പുരനേകാദശിനോററ നിഷ്ഠയോടും. ൫

ഫലമൂലമതില്പതല്പ വേവി-
ച്ചിലപോലും ബത വിട്ടു വിഷ്ണുഭക്തൻ
ജലപാനമതും കഴിച്ചിടാത-
ന്നിലപോലങ്ങിനെ നോററനിൎമ്മലാംഗൻ. ൬

ഒരുവാക്കുമൊരുത്തരോട്ടമോതി-
ല്ലൊരുകാൎയ്യത്തിലുമില്ല ശ്രദ്ധയന്നാം
പരനില്പരമില്ല ചിന്തയന്ന്യ-
ക്കൊരുദോഷം ബത ചെയ്കയില്ല ധന്ന്യൻ. ൭

വനിതാജന സേവയില്ലവൎക്ക-
ദ്ദിനമമ്പ് ഭൂപതിവൎയ്യനെ ദിനാന്തം
തരമില്ലിഹ കാണ്മവാനുമെന്ന-
ല്ലൊരുവാക്കും പറവാനുമില്ലകാലം. ൮

പുലരാനൊരു യാമമുള്ളകാല-
ത്തലസാതന്നെഴുന്നീററു ഭൂപതീന്ദ്രൻ
കുളിയും ജപവും കഴിച്ചുവന്നി-
ട്ടൊളിവിൽത്തന്നെയിരിക്കുമട്ടിനത്തിൽ. ൯

പതിതന്നുടെ ഭക്തിനിഷ്ഠകണ്ട-
സ്സതിതാമ്പ്രീതികലൎന്നു രാജ്ഞിതാനും
പതിവായിഹ നിത്യകമ്മമോരോ-
പതിവിൽതന്നെ തുടൎന്നു ധമ്മപത്നീ. ൧൦

കളിരംഗത്തിലതാരുമില്ലതന്നാൾ
കളിയാടേണ്ടവരും വ്രതം തുടങ്ങീ
കളവേണിജനങ്ങളും കുളിച്ചു-
ക്കളഭംപൂശിജപിച്ചിടുന്നിതങ്ങും. ൧൧

കരിപുംഗവരും മദിച്ച നല്ല-
ത്തുരഗക്കൂട്ടവുമങ്ങുഷസ്സിലന്നാൾ
കുളിയും കുറിയും കഴിച്ചു പിന്നെ
കളവല്ലേ പതിവായ് ഭജിച്ചിടുന്നു. ൧൨

കളവല്ല നൃപൻെറ ഭക്തികണ്ട-
ക്കലടക്കൂട്ടമതും വ്രതംതുടങ്ങീ
ഭടരും ഭടവൃത്തി വേണ്ടയെന്നോ-
ത്തടവില്ലോയി പുരിപുക്കഭക്തിയോടും. ൧൩

പരനിന്നയതില്ല പാൎത്ഥിവന്മാർ
പരരാജ്യത്തിന്നു ചിന്തചെയ്കയില്ലാ
പരനാരിജനത്തൊടാരുമന്നാൾ
പെരുമാറുന്നതുമില്ലയെന്നുമായീ. ൧൪

ഹരിനാമമതല്ലയാതെ ലോക-
ത്തൊരുവാക്കും പറകില്ലയെന്നു വന്നു
ദുരിതാ പുനരസ്തമിച്ചു ദുൎവ്വാ-
ക്കൊരുവൎക്കില്ലതിഭക്തിസംവരിക്കും. ൧൫

വിഷയങ്ങളനൎത്ഥമെന്നു ചിന്തി-
ച്ചതുനീക്കാൻ വഴിനോക്കിടുന്നു ലോകം
വിഷജന്തുക്കൾ ഭയന്നു പൎവ്വതത്തിൽ
കുതുകംവിട്ടു ഗമിച്ചൊഴിച്ചു രാജ്യം. ൧൬

പരതാപകരങ്ങളായ ചേരും
മരമായച്ചുളിരും മുരിയ്ക്കുമൊന്നും
മുരവൈരി മഹദ്ഭുതപ്പ്രഭാവാൽ
നിരയാസ്സുന്നു പൊടിച്ചതില്ല നാട്ടിൽ. ൧൭

പതിമാരു വധൂജനത്തിനെല്ലാം
കുതുകത്തോടുവരുന്നു വേണ്ടകാലം
സതിമാരവരൊക്കെയൌവ്വനത്തിൽ
പതിവായ്ക്കാന്തരൊടൊത്തുമേവിടുന്നു. ൧൮

കൊലയില്ല കവച്ച്വയി്ര കക്കാൻ
നിലയില്ലന്നിഹ ബാലമൃത്യുവില്ലാ
ഉരുമോദമതുണ്ടു തേവടിശ്ശി-
ത്തെരുവില്ല വ്യഭിചാരമില്ലയെങ്ങും. ൯

നൃപ നിലഭയമേതൊരാൾക്കുമുണ്ടാം
കൃപയും ഭൂപനുനാട്ടുകാരിലേററാം
വളരുന്നു ദരിദ്രമില്ല ധാന്യം
വിളയുന്നമ്മഴയും കണക്കിനുണ്ടാം. ൧൦

കവനങ്ങളെഴുത്തുകാരുമുണ്ടാം-
ക്കവിയുന്നോരവിവേകമില്ലൊരാൾക്കും
ശിവനേ മുനിമാരുമുണ്ടു നാട്ടിൽ
ഭുവനേ ദുഃഖമതില്ല ഭാഗ്യകാലം. ൧൧

ഫലവത്തുനിറഞ്ഞുഭൂമിയെങ്ങും
ബലവത്തായ്പിലസുന്നഗോക്കളെങ്ങും
ഉലകത്തിലതങ്ങുവിപ്രസംഘം
പലസൽക്കർമ്മമതുംനടത്തിടുന്നു. ൧൨

നരികാട്ടിയതെന്തതൊട്ടദുഷ്ട-
ന്മൊരുലാക്കില്ലകടന്നുനാട്ടിലെത്താൻ
നരകത്തിലൊരുത്തരുംഗമിക്കാ-
നൊരുദുർവൃത്തിനടത്തുകില്ലയെങ്ങും ൧൩

വലുതാകിയഗഹ്വരങ്ങളോരോ
മലതോറുംമുനിമാരുതീർത്തിട്ടുന്നു
കുലയാനയതില്ലപുള്ളിമാനും
കലയുംനാട്ടിലടുത്തു കൊള്ളചെയ്വാൻ. ൨൪

വനദേവതമാരെപീഡലോക-
ത്തിനുവന്നനുപിടിച്ചതില്ലയെങ്ങും
മനതാരിതിലാക്കമൊന്നുകൊണ്ടും
ദിനദുഃഖങ്ങളതില്ലസൌഖ്യമെങ്ങും ൨൫

പനിയില്ലപകച്ചരോഗമൊന്നും
ജനസംഘത്തിന്നതില്ലവീട്ടുകാരിൽ
കലഹങ്ങളതില്ലകക്ശക്കാ-
രുലകിൽതന്നെയതില്ലദുർഭഗന്മാർ. ൨൬

കലഹപ്രിയനായനാരദനും
കലഹംകണ്ടുരസിക്കുവാനുമില്ലാ
ഉലകിത്തരമായതോർത്തുകഷ്ടം
നിലവിട്ടൊന്നിഹഞെട്ടിവിഷ്ണുഭക്തൻ ൨൭

പലവിദ്യകളോർത്തുനാട്ടിലെല്ലാം
ചിലവിട്ടുന്നുനടന്നുതോറുപിന്നെ
ഉലകൊട്ടിഹവിട്ടുപോയിതിന്ദ്രൻ
നിലയെത്തെത്തിയിരുന്നുമാമുനീന്ദ്രൻ ൨൮

മതിമാന്മുനിമാഴ്കിയിന്ദ്രലോക-
ത്തതുനാൾചെന്നതുനേരമിന്ദ്രനേററം
കുതുകത്തൊടുമാമുനീന്ദ്രനോടു
ച്ചുതിവിട്ടക്കുശലംപറഞ്ഞിരുത്തി. ൨൯

മഹിമാവെഴുമങ്ങയാത്രയിപ്പോൾ
ബഹുമാനത്തിനുപാത്രമായിവന്നു
സഹവാസമതേതുദിക്കിലാണ-
മ്മഹനീയാംഗഭവാനതുള്ളതിപ്പോൾ. ൩൦

ഉലകത്തിനുസൌഖ്യമോന്നുപന്മാർ
ബലവാന്മാർകലഹംതുടങ്ങിടുന്നൊ
കലഹപ്രിയനായൊരങ്ങുഭംഗ്യാ
പലകാലംവിലസുന്നിതെന്റെഭാഗ്യം. ൩൧

മഹനീയമതായമല്ലദശ്രീ
മഹനീയാംഗലഭിക്കുവാനതാരാൻ
ഭുവിതന്നിലതോർത്തിടുന്നതുണ്ടോ
ഇവനേതാൻപിഴവന്നുചേരുമൊമേൽ. ൩൨

ഇവനോടുപറഞ്ഞിടേണമെല്ലാം
ഭുവനെകണ്ടതുപോലെമാമുനീന്ദ്രാ
ബഹുമാനിയതായൊരങ്ങയേററം
ബഹുമാനിച്ചൊരുദാസനല്ലയോ‌ഞാൻ. ൩൩

ഇതുകേട്ടിഹനാരദഞ്ചിരിച്ചൂഠ
ച്ചതിചെയ്യാനുടനോത്തുരച്ചുപിന്നെ
അറിയേണമതംബരീഷഭൂപൻ
പറയാമിന്ദ്രപദംപിടിച്ചടക്കും. ൩൪

അതുകേട്ടുവിറച്ചിതിന്ദ്രനേററം
കുതുകംവിട്ടുമിഴിച്ചുകണ്ണുരണ്ടും
അതിസാഹസമെന്തിതാരുലോക-
ത്തതുകാണട്ടെയതെന്നുരച്ചുദേവൻ ൩൫

കരതാരിലെടുത്തുവജ്രമിന്ദ്രൻ
കരിവീരൻവരുവാനയച്ചുപത്രം
കരിമേഘമതിന്നതാജ്ഞയൊന്നാ-
യ്യുരുവാൻനല്കിവരുത്തിസൈന്യസംഘം ൩൬

മടവാർമുടിയിന്ദ്രപത്നിതന്നെ
യുടനേയങ്ങമരാവതിക്കയച്ചു
വനജാക്ഷികളായമേനകാദി
ജ്ജനമെല്ലാംസഭവിട്ടുപോയിവേഗം. ൩൭

പൊട്ടിയുള്ളമുനിഞെട്ടിമിന്നലതുതട്ടി-
മെയ്യതുകരിഞ്ഞുതീ
തട്ടിവങ്കരികൾപൊട്ടിയൊട്ടലറിമുട്ടി-
യദ്ധാനികളക്ഷണം

തട്ടിവൻഗിരികൾപൊട്ടിവീണുടനെയഷ്ട-
ദിക്കുകൾഭരിച്ചിട്ട-
ന്നെട്ടുവങ്കരികൾപൊട്ടിയൊന്നലറിമട്ട-
മാറിയുടനിന്ദ്രനും. ൩൮

കാളമേഘമിടതിങ്ങിവിങ്ങിയൊളിമിന്നൽ-
പൊങ്ങിയിടിവെട്ടിയ
ക്കാളരാത്രിയതുപോലെമാരിയതുതൂകി-
മേഘമലറിദ്രുതം
ഓളമൊട്ടുപരിവന്നുയൻ്റലകുഞെട്ടി-
വാരിധികൾപൊട്ടിയ
വ്വാളെടുത്തുരഥമേറിയിന്ദ്രനതുകണ്ടു-
ഞെട്ടിമുനിയത്ഭുതം. ൩൯

കനലൊത്തൊരുകണ്ണതായിരത്തിൽ
ക്കനൽചിന്നംപടിയുജ്ജ്വലിച്ചുകോപം
ഘനമുള്ളൊരുമേഘജാലമെല്ലാം
ഘനമായന്നുനിരന്നിതംബരാന്തേ. ൪൦

മുനിനാരദനുംഭയന്നുദേവേ
ന്ദ്രനെമെല്ലെത്തഴുകിപ്പറഞ്ഞുഭീത്യാ
അരുതേതുമതിന്നുസാഹസംഞാ-
നറിയാംവേണ്ടതുമട്ടുചെയ്യുംപിന്നെ ൪൧

മതിമാനുടനംബരീഷനാണ-
മ്മതിയിത്സാഹസമോത്തഭൂപതീന്ദ്രൻ
അതിമാനുഷനാണവന്തപസ്സി-
ന്നതിദുർവ്വാശിപിടിച്ചവിഷ്ണുഭക്തൻ. ൪൨

ഇതിലൊന്നുമവൻകുലുങ്ങുകില്ലി-
ന്നതുമല്ലേസരസീരുഹാക്ഷഭക്തൻ
ചതിവായവനെജ്ജയിച്ചിടാഞ്ഞാ-
ലതുമൂലംപലരിക്കുമുണ്ടനൎത്ഥം ൪൩

കലഹത്തിനുചെന്നുവെന്നുവന്നാൽ
ഫലമില്ലിന്നവരുംമടങ്ങുകില്ലാ
നിലയില്ലവനെന്നുവന്നിടുമ്പോൾ
ബ്ബലവാനമ്മുരവൈരിയുംതുണയ്ക്കും. ൪൪

അതുകൊണ്ടുഭവാനൊടിന്നുചൊല്ലാ-
മതുവണ്ണംവ്രതചെയ്യുന്നോംജയിക്കും
മതിമാനവനുള്ളഡംഭതേകാ
ദശിനോററിട്ടുവരുന്നതില്ലവാദം. ൪൫

ഒരുവഞ്ചതിവായവൻെറനേരെ
മറിവായ്ചെന്നുമുടക്കണംവ്രതത്തെ
ശരണംപുനരില്ലവന്നുപിന്നെ
മരണംതന്നെഫലം മറിച്ചതില്ലാ. ൪൬

ദുർവ്വാസാവാംമുനിയെ
ഗർവ്വമടക്കാനയയ്ക്കണംവേഗം
ശർവ്വന്തൻകൃപയുള്ള
ദുർവ്വിഷഹന്താന്നിതിന്നുകെങ്കേമൻ. ൪൧

ഇതുകേട്ടുഭ്രമിച്ചു ദേവരാജൻ
അതുചെയ്യാമുടനെന്നുരച്ചുവേഗം
മതിമാന്മുനിതന്നെ ഓർത്തിതപ്പോ-
ളതുനേരം മുനിതന്തപസ്സുണർന്നു. ൪൨

അതികോപി മിഴിച്ചുകണ്ണുരണ്ടും
ഇതുചെയ്യുള്ളവനാരതെന്നുനോക്കി
അതുനേരമത പ്രധാനശിഷ്യ-
നതിമോഹത്തൊടു വന്നുചൊല്ലിയിത്ഥം. ൪൩

അമരാവതി തന്നിൽവാഴുമിന്ദ്രൻ
കമനീയാംഗനവൻഭവത്സ്വരൂപം
മുറയിട്ടുഭജിച്ചിടുന്നു കാണ്മാ-
നരുഭക്തൻ മുനിവര്യനിഷ്ഠയോടും. ൪൪

അതുകേട്ടുപിടിച്ചവന്റെ കണ്ഠം
കുതുകാവിട്ടു ചവിട്ടിയൊട്ടൊടിച്ചു
കുളിയുംജപവും കഴിച്ചുകോപം
വളരുംമാമുനി പോയിതിന്ദ്രലോകെ. ൪൫

മുനിയെന്നൊരുവാൎത്ത കേട്ടുവേശ്യാ
ജനമെല്ലാമൊളിവിൽകടന്നിരുന്നു.
ഗജപുംഗവനും ഭയന്നുമാട
ല്ലജവുംപോയ് ശിവനേയൊളിച്ചുകാട്ടിൽ ൬൨

പശുപക്ഷിതുടങ്ങിയുള്ളക്രൂട്ടം
അശനംവിട്ടുനടന്നു കാട്ടിലേക്കായ്
മുനികോപമിയന്ന് ചെന്നുവേഗം
ഘനമായ്നിന്നു വിറച്ചുദേവരാജൻ. ൬൩

ശിവഭക്തരിലുത്തമന്മുനീന്ദ്രൻ
ശിവനേവന്നതുകണ്ടു ദേവവൎയ്യൻ
വിവശത്താ!മൊടന്നടുത്തു പൂജി
ച്ചുവിടെത്തന്നെയിരുന്നു താപസാഢ്യൻ. ൬൪

നയകോവിദനായ ദേവരാജൻ
ഭയഭക്ത്യാമുനി തമ്പദദ്വയത്തിൽ
അതിസങ്കടമാന്നു വീണുരുണ്ടി
ട്ടതിദീനത്തൊടു ചൊല്ലിയിപ്രകാരം. ൬൬

അറിയാതെയുമങ്ങറിഞ്ഞുമേതാ-
നൊരുതെററിന്നടിയമ്പിഴച്ചതില്ലാ
മറിമായമിതെന്തു കാലദോഷം
അറിയിക്കാമടിയന്മഹൽകൃപാബ്ധേ. ൬൭

സുരനാരികളൊത്തുവാഴുമിന്ദ്രൻ
കരയും സങ്കടമട്ടു കണ്ടനേരം
ഉരുദുഃഖത്തൊടുചൊല്ലിയമ്മുനീന്ദ്രൻ
വ്വരമെന്തൊന്നുവരാമതെന്നുവേഗം. ൩൭

ഭുവനങ്ങളിലേഴുരണ്ടിലും നിൻ
വിവരം ലോകർ പുകഴ്ത്തിടുന്നിതെന്നും
എതിരാളിയതാരവൻെറ വംശ-
മതുപോലും നിമിഷത്തിൽ നഷ്ടമാക്കാം. ൩൮

കരയേണ്ടെഴുനീല്ക്കുതുവ്വശിക്കും
കരവാങ്കാരണമില്ല ഞാനിരിക്കേ
അവളെന്നുടെ ഭക്തയാണു ഞാനും
തവദാസൻ ശിവനെൻെറയുററബന്ധു. ൩൯

സരസീരുഹ സംഭവന്മുകുന്ദ-
മ്പരദൈവം ത്രിപുരാരിയിത്തരക്കാർ
പറയാന്തവവൈരിയെങ്കിലും ഞാ-
മ്പറകിൽ ക്രൂരരു വേണ്ടമട്ടുചെയ്യും. ൪൦

അതുകേട്ടെഴുനീററു ദേവരാജൻ
മതിമോഹത്തൊടുചൊല്ലിയെന്മുനീന്ദ്രാ
ഇതുകാലമിതെന്നെയാട്ടിയോട്ടാ-
നതുസന്നദ്ധനതംബരീഷഭൂപൻ. ൪൧

അവനോടു പിഴച്ചതില്ലയൊന്നും
അവനെക്കേട്ടറിവുണ്ടു കണ്ടതില്ലാ
അവനോൎക്കിലില്ലനൎത്ഥമൊന്നും
ശിവനേഞാൻ കൃതകൃത്യനെന്നുകൊണ്ടും. ൧൨

നൃപവീരനെടുത്തൊരേകാദശി
തൻപ്രാഭവമങ്ങുതിങ്ങിയെങ്ങും
കൃപവാരിധിയായൊരംബുജാക്ഷൻ
കൃപയാലെനടമന്നൃപന്നുനല്കും. ൧൩

നൃപവീരന്റെ നിഷ്ഠയെത്രകേമം
തപവും ഹോമവുമുണ്ടു നാട്ടിലെങ്ങും
കൊലയില്ല കുഴപ്പമില്ല വിഷ്ണു
കലയും ഭൂപനിലുണ്ടിതെന്നുകേട്ടു. ൧൪

കമനീമണിമാരിലില്ല മോഹം
കമനീയാംഗനവൻജഗൽപ്രസിദ്ധൻ
അതുമൂലമ്മതുൎവ്വശിക്കുമാകി-
ല്ലതുമൂലം ഭയമുണ്ടുവേശ്യമാൎക്കും. ൧൫

മലരമ്പനുമങ്ങവന്റെനേരേ
കുലവില്ലങ്ങിതെടുത്തുപോകയില്ലാ
കലഹപ്രിയനായ നാരദന്നും
നിലയില്ലിന്നിതുപാൎക്കിലെത്രചിത്രം. ൧൬

നരകങ്ങളിലില്ലൊരാളുമിപ്പോൾ
നരരെല്ലാമിഹ വിണ്ണിൽ വന്നതിങ്ങി
സുഖമില്ലിഹ തിക്കതായിസ്വൎഗ്ഗേ
മഘവാവും പട്ടഭോഷനെന്നവന്നു. ൩൭

പരിഹാസമതായി നാട്ടിലെല്ലാം
പരമീശൻനൃപനംബരീഷനെന്നായ്
പരമാൎത്ഥമിതാണവന്റെ ധാർഷ്ട്യം
പെരുകുന്നവൃത്തമാണെനിക്കുദോഷം. ൩൮

അതുചെന്നുമുടക്കിടാതിരുന്നാ-
ലിതുകാലത്തിവനുള്ളൊരിന്ദ്രലോകം
മതിമാനവനും കരസ്ഥമാകും
അതിനീശൻ മുരവൈരിയും തുണയ്ക്കും. ൩൯

ഫലമില്ല ശ്രമിക്കിലന്നുപിന്നെ-
ബ്ബലമുള്ളനൃപനിന്ദ്രനായിരിക്കും
പലതിത്തരമോൎത്തുമാമുനീന്ദ്രാ
പലരെത്തന്നെഭവാൻഗമിക്കവേഗം. ൪൦

ഒരുബന്ധുവതില്ലെനിക്കു പണ്ടേ
യുരുബന്ധുപ്രവരൻ ഭവാനതല്ലേ
ഇതുകാലമതാരെനിക്കുവേണ്ടു-
ന്നതുചെയ്യാന്മുരയും ഭവാനതില്ലേ. ൪൧

ഗജപുംഗവനും ഭവാനെയെന്ന്യേ
നിജചിത്തത്തിലതില്ലശങ്കതെല്ലും
മധുരാധരിയുർവ്വശിക്കുമങ്ങേ-
സ്സുധപോലുംപ്രിയമുണ്ടുമാമുനീന്ദ്രാ. ൧൨

പരിതാപമൊഴിക്കുവാൻ ഭവാനി-
ന്നൊരുവൻ ലോകമതിങ്കലെന്നു സിദ്ധം
ഇനിവേണ്ടതുപോലെചെയ്കമററാ-
നിനിയോൎത്താലറിയില്ലറിക്കുവാൻമേ. ൧൩

കടുകോപിയതാംമുനീന്ദ്രനപ്പോൾ
ഇടമുട്ടിക്കരയുന്നൊരിന്ദ്രനോടായ്
കരയേണ്ടൊരുമട്ടു രക്ഷചെയ്യാം
വരദാതാവഹമെന്നുരച്ചു ധീമാൻ. ൧൪

ഒരുദുർഘടമംബരീഷഭൂപ-
ന്വരമാൎത്ഥപ്രിയനുററവിഷ്ണുഭക്തൻ
അതുമല്ലവനെൻെറയുററൊരിഷ്ടൻ
ചതിചെയ്യാനതുമൂലമുണ്ടുദണ്ഡം. ൧൫

അറികിന്നു നൃപന്നു ലോകരെല്ലാം
ഒരുപോലേ വിലസുന്നു ചിത്തരംഗേ
അതിലേറെയനൎത്ഥമെന്തുവിപ്ര-
ക്കതിലും ഭൂപതിതന്നിലിഷ്ടമേററം. ൧൬

പുരവൈരി മുരാരിയിത്തരക്കാർ
പരമാൎത്ഥം നൃപനെപ്പുകഴ്ത്തിടുന്നു
ഇദമൊക്കയെതോൎത്തവൻെറനേരെ
ചതികാട്ടാനിവനുണ്ടു ശങ്കപാരം. ൧൭

ശരണാഗതനായൊരിന്ദ്രനോട-
മ്മുരവൈരിപ്രിയനാം മുനീന്ദ്രദീപം
പലതീവകയോതിയത്തരത്തിൽ
ബലവാനമ്മുനിയംബരേമറഞ്ഞു. ൧൮

—:o:—

## രണ്ടാംഭാഗം.

ഹരിനാമജപം മുറയ്ക്കുകേൾക്ക-
ന്നൊരുദിവ്യപ്രഭ കണ്ടിടുന്നിതെങ്ങും
നരനല്ലിവനംബരത്തിൽനിന്നി-
ട്ടൊരുവൻ ഹാ! ശിവനേ വരുന്നതാരോ ൧൯

ഭുവിയൊക്കെനിറഞ്ഞു വിജ്വലിച്ച-
ക്കവികൾക്കും പറവാനസാദ്ധ്യരൂപം
ശിവനേ,യിഹ കണ്ടിടുന്നു സാക്ഷാൽ
ശിവനോ, ഹാ! ഇവനാരു സുന്ദരാംഗൻ. ൨൦

ജടയും നിടിലാക്ഷിമാരുഞെട്ടും
ചൊടിയും താടിയത്തും തുരുത്തകണ്ണും
വടിയും ജലപാത്രവും കരത്തിൽ-
ത്തടിയും കാഞ്ചിലിതാള്ള ദിവ്യനേററം. വൃഫ

നൃപവീരനൊടിമ്മഹാൻ വരുന്ന
വിവരം ചെന്നറിയിക്ക ചെററുവേഗം
അറിയാഞ്ഞിലബദ്ധമുണ്ടിതാരാ-
ന്മറിമായത്തിൽ വരുന്നതോ ചതിപ്പാൻ. വൃവ

ഉടനങ്ങൊരുദ്വാരപാലനോടി-
പ്പടിയില്ക്കേറിനടന്നു ഭീതിയോടും
നൃപനോടുവിളിച്ചു ചൊല്ലിയിത്ഥം
കപടംവിട്ടു വിശേഷവാൎത്തമാത്രം. വൃന്ദ

ജയരാജനിധേ ഭവല്പുരത്തിൽ
ഭയമാകുന്നൊരുവൻ വരുന്നുവേഗം
അറിയുന്നതുമില്ലിതംബരാന്തേ
ഹരിനാമങ്ങളുമുണ്ടു കേട്ടിടുന്നു. വൃർ

അതുകേട്ടു നൃപന്തപസ്സുണന്നി-
ട്ടതുലാനന്ദമൊടെത്തിമണ്ഡപത്തിൽ
കുതുകത്തൊടു നോക്കിടുന്നനേര-
ത്തതിദുഷ്ടൻ മുനിയെന്നുരച്ചുഭൂപൻ. വൃഭ

ജലകുംഭമതില്പ്പുളുത്ത ഗംഗാ-
ജലവും ചന്ദനപുഷ്പവും നിറച്ചു
ഭയഭക്തിനടിച്ചു മണ്ഡപത്തിൽ
പ്രിയമായങ്ങിനെ നോക്കിനിന്നുഭൂപൻ. ൮൰൬

ഇടിവെട്ടിമുഴങ്ങിടും വിധത്തി-
ല്ചൊടിയോടമ്മുനിവൎയ്യനക്ഷണത്തിൽ
മതിവിട്ടിഹവന്നിറങ്ങിഭൂമൌ
വടിവായ്ചെന്നുനമിച്ചു ഭൂപതീന്ദ്രൻ. ൮൰൭

മലയദ്ധ്വജശീതളം കവന്ന-
ജ്ജലകുംഭത്തെയെടുത്തു കാലുരണ്ടും
കഴകിച്ചിഹ രാജമണ്ഡപാഗ്രേ
തഴകിക്കൊണ്ടെയിരുത്തിയംബരീഷൻ. ൮൰൮

അതിദുൎന്നയനായ താപസാഢ്യ-
ന്മതിമാൻ ഭൂപതിയോടുരച്ചുഭാഗ്യഃ
ഇത്രകാലമതെത്തിവന്നതിപ്പോ-
ളതിസന്തോഷമിവൎക്കരണ്ടുപേൎക്കും. ൮൰൯

ഒരുദുഃഖമതില്ല പാരണയ്ക്കു-
ങ്ങുരുമോദത്തൊടിവക്കൊത്തിരിക്കാം
കുളിയങ്ങുകഴിച്ചുവന്നിടാംഞാൻ
കളവല്ലേ നൃപതേ ജയിച്ചുകാൎയ്യം. ൯൰

അതുകേട്ടനൃപന്മഹാമനസ്കൻ
ചതിവെന്തെന്നറിയാത്ത വിഷ്ണുഭക്തൻ
അതുതന്നെസുഖം നമുക്കുമെന്നും-
ക്കുതുകാൽ സാധുപറഞ്ഞു ദൈവയോഗം. ൯൧.

ജപമാലയതും കഴുത്തിലിട്ടും-.
കപടം ചെയ്യതിനോർത്തു മാമുനീന്ദ്രൻ
മതിമാനിഹ ഗംഗതന്നിലേക്കായ്
കുതുകാല്പോയിജവാല്ക്കുളിച്ചുപോരാൻ. ൯൨

ചതിയോർത്തമ്മുനി ഗംഗതന്നിൽമുങ്ങി-
ക്കുതുകംപൂണ്ടു കളിച്ചു ദുർമ്മദാഢ്യൻ
ചതിയോർത്തുംചതിചെയ്യതിന്നുപ-
ദ്ധതിയോർത്തും മുനി കണ്ണടച്ചിരുന്നു. ൯൩

സദസിപ്രസംഘമുടനിങ്ങുതടുത്തിടുന്നു
സദ്യയ്ക്കുപാചകരടുത്തുതുടങ്ങിടുന്നു
വിദ്യയിത്തിനൊത്ത കവിസംഘമടുത്തിടുന്നു
പദ്യത്തിനാൽ നൃപതിയെച്ചിലർവാഴ്ത്തിടുന്നു. ൯൪

സേനാധിപന്മതിവിൽവ്യൂഹമൊരുക്കിടുന്നു
സേനാബലം ചിലരുകണ്ടു രസിച്ചിടുന്നു
മാനേൽമിഴിക്കുലമടുത്തു കളിച്ചിടുന്നു
ദീനങ്കലൻമലരമ്പനുമെത്തിടുന്നു. ൯൫

പാലൊത്തവാണിയുതിരുന്ന നതാംഗിവൃന്ദം
ബാലസ്തനങ്ങളുമിളക്കി നടന്നിടുന്നു
നീലാദ്രിതന്മദമെഴുന്ന ഗജേന്ദ്രസംഘം
ചാലബ്ഭയന്നു കരികുംഭമൊളിച്ചിടുന്നു. ൯൬

ശ്രീമിന്നിടുമ്മണിമയാഭരണത്തിൽമുങ്ങി
ത്തുമിന്നലൊത്തൊളിവതാൻ തിളങ്ങിവിങ്ങി
ത്തുമന്ദഹാസരസമാൻ മയങ്ങിമങ്ങി
ആമന്നിലംഗനജനം ബത വന്നുതിങ്ങി. ൯൭

നിലവെച്ചൊരു പാരണയ്ക്കുകാലം
നിലവിട്ടീടുമതെന്നുഴന്നുരാജൻ
പലവിപ്രരെയും വരുത്തിവേഗം
പലരോടുംബതചൊല്ലി സംഭവങ്ങൾ. ൯൮

കലഹപ്രിയനായ നാരദൻവ-
ന്നലകിതങ്ങാനവൃദിച്ചപോലെചിത്രം
നൃപനങ്ങവനോടു ചൊല്ലിയെല്ലാം
കൃപയാലമ്മുനിചൊല്ലി സൂക്ഷ്മതത്വം. ൯൯

അറിവിമ്മുനിസത്തമഞ്ചതിപ്പാ-
ന്തിറമാസ്സുന്നവനിന്ദ്രയാജ്ഞമൂലം
അവനെക്കനിവോടുകാത്തിരുന്നാ-
ലിവിടെസ്വദൃതഭംഗമുതഭവിക്കും. ൧൦൦

പലരുംപുനരീവിധം പറഞ്ഞ-
ന്നിലയുള്ളന്നൃപന്മം കലുങ്ങിയില്ലാ
പലരേയുമയച്ചു താപസന്താ-
ഞ്ചിലരെത്തല്ലിയിടിച്ചു വിട്ടയച്ചു. ൧൦൧

മുരവൈരിപാദം ഭജിച്ചുഭൂപ-
ങ്കരയുന്നെന്തിതു കഷ്ടമായികാൎയ്യം
ഇവനീവ്രതഭംഗമുത്ഭവിച്ചാൽ
ശവമാകും മരണം നശിച്ചുജന്മം. ൧൦൨

കരതാരുകുഴഞ്ഞു ഭൂപതിക്ക-
മ്മുരവൈരിപ്രിയവും മുഴുത്തുമേന്മേൽ
പറവാനരുതാഞ്ഞു പൃത്ഥ്വിനാഥൻ
കരുയുന്നെന്തൊരുദുഷ്ടനിമ്മുനീന്ദ്രൻ. ൧൦൩

പലധൎമ്മമതും ദിനാന്തമയ്യോ
ചിലവിട്ടങ്ങിനെചെയ്യേന്നിക്കകഷ്ടം
ഫലമാൎയ്യുന്നതുഭാഗ്യദോഷമാ-
ണലകിൽചൊല്ലുമിതെൻെറ പൂൎവ്വകൎമ്മം. ൧൦൪

പരനാരികളെപ്പുണൎന്നധൎമ്മം
പരവിത്തങ്ങളടക്കിയുള്ളധൎമ്മം
പരദൂഷണമൊട്ടുചെയ്യധൎമ്മം
പരിചോടൊട്ടിവനില്ല കാലധൎമ്മം. ൧൦൫

പരിഹാസമൊരുത്തരേയു മയ്യോ
പരിചോടങ്ങിന്നെ ചെയ്യതില്ല ഞാനോ
പരദൈവതമാരെയും ഭജിച്ചു-
ബ് ഭരണംചെയ്യിതുപൃത്ഥ്വിയൊട്ടുകാലം. ൱൬

പരദാരമതിൽ ഭ്രമിച്ചു തെററാ-
മൊരുകാൎയ്യം ബത ചെയ്യതില്ലതല്ലാ
ഗുരുപത്നികളെക്കണക്കെഞാനെ-
പ്പുരവേശ്യാകുലമോൎത്തു വാണിടുന്നു. ൱൭

ഒരുതാപസനെൻെറനേരെയയ്യോ
വെരുതിയ്യോന്തവകാശമൊന്നുമേ ഞാൻ
മതിമാനോട്ടു പിഴച്ചതില്ല ധാതാ
വിതുമട്ടെന്തലയിൽ കുറിച്ചുവല്ലോ. ൱൮

ഇദമോൎത്തുകുഴഞ്ഞു ഭൂപവൎയ്യൻ
വദനംവാടി വണങ്ങി വിപ്രപാദം
മതിമത്തുകളായ വിപ്രസംഘം
ചതിവിട്ടങ്ങുമുഴക്കി വിഷ്ണുനാമം. ൱൯

നൃപനിത്തരമോതിയത്തരത്തിൽ
കൃപയേറിച്ചിലവിപ്രർ വീണുരുണ്ടു
ഭുവിയിൽബത പാമരങ്ങളെപ്പോൽ
വിവശത്താതെത്തൊട്ടുനിന്നു മററുസംഘം. ൱൰

പരിചോടിഹ പാരണയ്ക്കുവെച്ചു-
ള്ളൊരുകാലം കഴിവാനടുത്തുവന്നു
സതിമാരാകിയ വിപ്രപത്നിമാരും
കുതുകംവിട്ടു കരഞ്ഞുരുണ്ടുപാരിൽ. ൧൧൧

പറയാമിഹ രാജധാനിതന്നിൽ
പരിചോടന്നുപരന്നു ദുഃഖവാൎത്താ
കരയുന്നിഹ ധൎമ്മപത്നിമാരും
ചെറുപൈതങ്ങളുമാൎത്തരായിതേററം. ൧൧൨

കലശസ്തനി പാൎവ്വതിക്കുമപ്പോൾ
കളവല്ലേ മുലമുങ്ങി കണ്ണുനീരാൽ
ശിവനന്നു തപസ്സുചെയ്തതിന്നും
ശിവനേയാവതുമില്ലയെന്നുവന്നു. ൧൧൩

കമലാസനനന്നു കൌശലങ്ങൾ
ക്രമമായ് തോന്നിയതില്ല സൃഷ്ടിചെയ്വാൻ
നൃപവീരനു വന്നണഞ്ഞ താപം
തപമുള്ളോരെയടുത്തുടച്ചു പാപം. ൧൧൪

മുനിമാൎക്കു തപസ്സഴിഞ്ഞു ക്രൂരൻ-
ഘനമാം മാരി ചൊരിഞ്ഞു കാട്ടിലെല്ലാം
കലഹിച്ചുടനിന്ദ്രനോടതൈരാ-
വതവും കെട്ടിയ കെട്ടറുത്തുപോയി. ൧൧൫

 14349

പരമുന്നതമായ കല്പകൌഘം
നിരയായ് പൊട്ടി മിനുട്ടിനുള്ളിലെല്ലാം
സുരനാരികളൊക്കെമൊഴ്കിവീണ-
ജ്ജരവന്നിന്ദ്രനതെന്നു് ശങ്കതോന്നി. ൧൧൬

വനദേവതമാരുഴന്നു കാട്ടിൽ
ദിനനാഥൻ ബത മങ്ങിയംബരത്തിൽ
അതുനേരമതംബരത്തിൽനിന്നി-
ട്ടിത കേൾക്കുന്നശരീരി ഭൂപതീന്ദ്രൻ. ൧൧൭

തുണയുണ്ടു മുരാരിയിന്നിമേലിൽ
ഗുണമാം പാരണചെയ്ക ഭീതിവേണ്ടാ
ജലപാനമതും കഴിച്ചു വിപ്ര-
ക്കിലവച്ചങ്ങു വിളമ്പു ഭൂപതീന്ദ്രാ. ൧൧൮

ജയശബ്ദമതും തുടങ്ങി വിപ്രർ
നിയമംപോലെയടുത്തു വന്നിരുന്നു
ജലപുഷ്പവുമങ്ങുവെച്ചു ദീപം
പലദിക്കും നിരയായ് കൊളുത്തിവെച്ചു. ൧൧൯

ഇലവെച്ചു വിളമ്പുവാൻ തുടങ്ങാൻ
നലമോടാജ്ഞകൊടുത്തു ഭൂപതീന്ദ്രൻ
തരസാ മുരവൈരിബിംബമെല്ലാ-
മൊരുവിപ്രൻ ജവമോടലങ്കരിച്ചു. ൧൨൦

അവനീശനു തൃക്കരത്തിലപ്പോൾ
ജവമോടക്കുസുമം കൊടുത്തു വിപ്രൻ
ജലപുഷ്പമതൊന്നുകൊണ്ടുമാത്രം
കുലശീലൻ ബത പാരണംകഴിച്ചു. ൧൨൧

തരസാ മുനി കണ്ണടച്ചിരിക്കെ-
പ്പരമാൎത്ഥം പുനരുള്ളിലങ്ങറിഞ്ഞു
അതികോപമിയന്നു താപസാഢ്യൻ
മതിമാനങ്ങെഴുന്നീററു ചാടി വേഗം. ൧൨൨

സഭതന്നിലിരുന്നൊരഞ്ചുലക്ഷം
ശുഭദാതാക്കളതായൊരന്തണന്മാർ
നൃപനെപ്പുനരങ്ങനുഗ്രഹിച്ചു
കൃപയോടന്നൃപനും നമിച്ചു വേഗം. ൧൨൩

ചിലരുണ്ണുതുടങ്ങി മറെറാരേട-
ത്തിലവെക്കുന്നു കുടിക്കിലിക്കൊരേടം
ചിലരങ്ങിഹ വേദമുച്ചരിക്കു-
ന്നിള മാങ്കണ്ണികൾ പാടിടുന്നൊരേടം. ൧൨൪

അവനീശപദം നമിക്കുവാനായ്
ഭുവനേ വന്നു ജനം തിരക്കിടുന്നു
മടവാർമുടി സംഘമൊത്തുവന്നി-
ട്ടാവിൽ ഘോഷരസങ്ങൾ കണ്ടിടുന്നു. ൧൨൫

ഗജസംഘമൊരായിരത്തിലേററം
ഭുജവീൎയ്യകലരുന്ന ഭൂപതീന്ദ്രം
പരിപാലനമങ്ങുചെയ്യതിന്നും
നിരയായുണ്ടവിടത്തിലങ്ങുമിങ്ങും. ൧൨൩

തുരഗങ്ങളതങ്ങു പത്തുന്തറാ-
യിരമുണ്ടപ്പുരിതന്നിലന്നു കാലാൾ
പടയുണ്ടൊരു പത്തുലക്ഷമൊന്നി-
ച്ചുടവിൽഭൂപതിതൻെറ ചുററിലെങ്ങും. ൧൨൪

കുലശീലമതുള്ള കോമളസ്ത്രീ-
കുലസംഘങ്ങളുമുണ്ടു മൂന്നുലക്ഷം
മുറയായ് ദിവ്യജപംനടത്തിടും വി-
പ്രരുമുണ്ടങ്ങൊരു മൂന്നുനാലുലക്ഷം. ൧൨൫

രഥമങ്ങൊരു രണ്ടുലക്ഷമുണ്ട-
ങ്ങതിഥീഭോജനശാലയുണ്ടുലക്ഷം
സ്തുതിപാഠകരുണ്ടു പാട്ടുകാരാം
മതിമാന്മാർ ചിലരുണ്ടു രാജഗേഹേ. ൧൨൬

കുഴൽകാഹളമെന്നതല്ലൊരോട-
ക്കുഴലും മേളവുമായ് മുഴങ്ങി രാജ്യം
പിഴയില്ലവരൊക്കെയുല്ലസിച്ച-
ക്കഴൽക്രപ്പിത്തരസാ തുടങ്ങി വാദ്യം. ൧൨൭

കരുണാനിധിയാം മുരാരിതന്നി-
ല്പരമുൾപ്രീതികലൎന്നു ഭൂപതീന്ദ്രൻ
കരുണാകരനെസ്തുതിച്ചു പിന്നെ-
ത്തരസാ മാമുനിവൃത്തമോൎത്തിതിത്ഥം. ൨൰൧

ശിവനേ മുനിയെത്തിയില്ലനൎത്ഥം
ഇവനേതാൻവരുമോ ഭയപ്പെടേണം
ശിവഭക്തനതാം മുനിക്കു ദുഃഖം
ഇവനെക്കൊണ്ടുവരുന്നതോ വിഷാദം. ൨൰൨

അതികോപിയതായ താപസൻ വ-
ഞ്ചതിയോകാട്ടിയതെന്തു നിൎമ്മലാംഗൻ
അതിലേതുമതാട്ടെ മാമുനീന്ദ്രൻ
ഇതിലേവന്നുവതെങ്കിലെന്റെഭാഗ്യം. ൨൰൩

മുനിയെബ്ഭത വിട്ടിതിട്ടിനത്തിൽ
നിനവില്ലുണ്ടനമുക്കുമില്ല കൃത്യം
അതുകൊണ്ടുവരട്ടെ ദോഷമെല്ലാ-
മതുനീക്കാം മുരവൈരി സാക്ഷിയില്ലേ. ൨൰൪

നരവീരനതിപ്രകാരമോരോ-
തരമോൎക്കുന്നളവങ്ങുകേട്ടു ഘോഷം
കരിവീരകുലം മദിച്ചലയ്ക്കു-
ന്നൊരുഘോഷം തുടരുന്നിതെന്നുതോന്നി. ൨൰൫

മദദന്തികുലങ്ങളല്ല്തയ്യോ
മദമേറും മുനിതൻെറ യാത്രഘോഷം
ഇനിയെന്തൊന്നുവരുന്നു നാശമിന്നീ-
ജനസംഘത്തിനതുണ്ടതില്ലവാദം. ൱൩൬

അതിഭക്തിയെഴുന്ന ഭൂപതീന്ദ്രൻ
മതിമാൻചെന്നു വണങ്ങിയമ്മുനീന്ദ്രം
പ്തിവിൽബത ചെയ്യുകാർയ്യമെല്ലാ-
മതിഭക്ത്യാതൊഴുതങ്ങുരച്ചുവേഗം. ൱൩൭

അതുകേട്ടുചുകന്നു കണ്ണുരണ്ടും
അതികോപത്തൊടു ചൊല്ലിയമ്മുനീന്ദ്രൻ
മതിമാനിവനല്ലയെന്നു നീയും
ബത ചിന്തിച്ചതു കൊണ്ടുഭസ്മമാക്കും. ൱൩൮

പിഴചെയ്യതുമാപ്പതാക്കിടേണം
കഴൽകൂപ്പുന്നതിനിന്നു പാദഭക്തൻ
ഇതുമട്ടന്നൃപനന്നുചൊല്ലിയിട്ടും
മതിദുഷ്ടന്മുനികേട്ടതില്ലതൊട്ടും. ൱൩൯

ജടയങ്ങുപിടിച്ചടിച്ചു ഭൂമൌ
കടുകോപത്തൊടു മാമുനീന്ദ്രനയ്യോ.
ഉടനങ്ങിന്നെ മേഘനാദതുല്യം
തുടരെക്കേട്ടടനഷ്ടഹാസഘോഷം. ൱൪൦

നൃപനങ്ങുകരഞ്ഞു കാല്പിടിപ്പാൻ
കൃപയുള്ളമ്മുനിതന്റെ കാക്കൽവീണു
ഉടനമ്മുനിതെററിയക്ഷണത്തിൽ
കൊടുതായുള്ളൊരുകൃത്യയുത്ഭവിച്ചു. ൧൪൧

ചിലവിപ്രരെയന്നടിച്ചുകൊന്നു
ചിലരെപ്പല്ലുകൊഴിച്ചൊഴിച്ചുപോന്നു
ചിലരെച്ചെന്നുപിടിച്ചിഴച്ചുതന്നെ-
ന്നിലയുംചോറുമെടുത്തുകണ്ടിലിട്ടു. ൧൪൨

പലരും പുനരോടിവീണുകാലും
തലയും പല്ലുമൊടിഞ്ഞു കഷ്ടകാലം
നിലയില്ല ജനത്തിനെങ്ങുമയ്യോ
പലദുഃഖങ്ങൾ സഹിച്ചുകൃത്യമൂലം. ൧൪൩

അവരെ പുനരങ്ങൊട്ടക്കിവേഗം
ശിവനേകൃത്യയടുത്തുഭൂപനോടും
നൃപനോടിയൊളിച്ചു ഭീതിയോടും
കപടംവിട്ടുജപിച്ചുവിഷ്ണുനാമം. ൧൪൪

അരയാലുമറഞ്ഞു നാലുചുററും
ഹരിനാമങ്ങൾ ജപിച്ചുപാഞ്ഞുഭൂപൻ
ഇടയിൽബത്തകാൽതളൎന്നുവീണ്ടും
അടവിൽകൃത്ത്യയടുത്തൊളിച്ചചിത്രം. ൧൪൫

മുത്തണിഞ്ഞരമതൻെറ നല്ലമടിയില്ക്കിടന്നുടനുറങ്ങിട്ടു-
ന്നുത്തമൻഹരിയുണൎന്നുവിഭ്രമമെഴുന്നുനോക്കിയതിക്രുദ്ധാ-
ഇത്രദുഷ്ടതനടിച്ചമാമുനിവരൻെറ ദുൎമ്മദമടക്കുവാ- (നായ
നന്തരത്തിലുടനൊത്തുരച്ചു രമയോടുഭക്തജനവല്ലഭൻ.

മമഭക്തനതായൊരംബരീഷൻ
രമണീയാംഗിയിതാവലഞ്ഞിടുന്നു
ഇനിയെന്തിനുമാനഹാനിവന്നു
മുനികൾക്കും പരിഹാസമാകുമെന്നേ. ൬൪൭

തരികെന്നുടെചക്രമെൻപ്രിയാംഗീ
അരിസംഘത്തെയൊടുക്കുവാനതില്ലെ
മതിദോഷമതില്ലഭൂപനെക്കാ-
ളതിഭക്തന്മുനിയല്ലയെന്നുസിദ്ധം. ൬൪൮

പതിനായിരമക്കരൊത്തുദിക്കു
ന്നതുമട്ടങ്ങുവിളങ്ങിടുന്നചക്രം
അതിരൂക്ഷതയോടുവന്നുവേഗം
മതിമാൻഭൂപതിതന്നടുക്കൽനിന്നു. ൬൪൯

അതുകണ്ടുവിറച്ചുതാപസാഢ്യൻ
അതിനുള്ളിൽശിവകൃത്യഭസ്മമായി
അതുമെല്ലെനൃപൻവണങ്ങിയപ്പോ-
ളതുചെന്നങ്ങുചുഴന്നുമാമുനീന്ദ്രം. ൬൫൦

മുരവൈരിവിരോധമായയച്ച
ള്ളൊരുചക്രമമുനികണ്ടുകണ്ണടച്ച
പരമഞ്ജുഭ്രമിച്ചുഴന്നുചാടി
ത്തിരിവാങ്കാലമതായികഷ്ടകാലം. ൧൫൧

മഹനീയഗുണംവിളങ്ങിമിന്നും
മഹിമാവുള്ളസുദൎശനപ്രഭാവം
പറവാനരുതാൎക്കുമേഴലോക-
ത്തൊരുപോലുംപ്രഭയുണ്ടുവേണ്ടകാലം. ൧൫൨

മുനിയോടിയൊളിച്ചുകാട്ടിലപ്പോൾ
തനിയേചക്രമെരിഞ്ഞുതട്ടിടുന്നു
അതുകൊണ്ടുഭയംപെരുത്തുധ്യാനി
ച്ചതുകൊണ്ടുംഫലമില്ലയെന്നുവന്നു. ൧൫൩

പലമട്ടിലതുള്ളമന്ത്രജാലം
നിലപോലമ്മുനിയുംജപിച്ചുനോക്കി
അതുകൊണ്ടുഫലിച്ചതില്ലനൎത്ഥം
അതിലുംമേലെകവിഞ്ഞെരിഞ്ഞുചക്രം. ൧൫൪

വഴിമുട്ടിവലഞ്ഞുമന്ത്രമൊന്നും
വഴിപോലേബതതോന്നിടുന്നുമില്ല
തുണയില്ലൊരുവൻസുരേന്ദ്രലോക
ത്തണയാമെന്നുനോടിമാമുനീന്ദ്രൻ. ൧൫൫

അവിടപ്പുനരെത്തിയെന്നുവന്നാ
ലിവനെന്തിന്നൊരുഭീതിയിന്ദ്രനില്ലെ
അവനന്നുപറഞ്ഞഹേതുവല്ലെ
ഇവനിപ്പററിയദോഷമിന്ദ്രനല്ലേ. ൱൰൬

പരതാപമണച്ചുലോകരെല്ലാ
മൊരുപോലങ്ങുവെറുത്തമാമുനീന്ദ്രൻ
പരിതാപമൊടങ്ങുചാടിയോട്ട
ന്നൊരുകാലംബതകണ്ടുമാഴ്കിയിന്ദ്രൻ ൱൰൭

അമരാധിപനാധിയോട്ടചെന്നി
ട്ടമരേന്ദ്രപ്രിയനേനമസ്കരിച്ചു
കരുണാനിധിയാംഭവാനതോടാ-
നൊരുമൂലംപറയേണമെന്നുരച്ചു. ൱൰൮

അതുകേട്ടുപറഞ്ഞതമ്മുനീന്ദ്രൻ
ചതിപെട്ടിന്നുവലഞ്ഞുവജ്രബാഹോ
ഇതുകാൺകസുദൎശനംവരുന്നെൻ
ഹതമിക്കാലമതാക്കുമില്ലവാദം. ൱൰൯

അതിഭക്തനതംബരീഷഭൂപ-
നതിവായ്നോററുവരുംവ്രതംമുടക്കാൻ
ഇവനോൎത്തവനെച്ചതിച്ചമൂലം
"ശിവനേ"വിഷ്ണുവയച്ചവിഷ്ണുചക്രം ൱൨൰

അതിശോഭകലൎന്നദിവ്യചക്ര-
മതുകൊണ്ടെന്നുടെകൃത്യഭസ്മമായി
അതുകൊണ്ടുമടങ്ങിയില്ലതിന്ദ്രാ
ഇതവന്നെന്നെയതും ചുഴന്നിടുന്നു. ൧൱൧

തുണചെയ്യുകമറ്റൊരന്യനില്ലെ
പ്രണയംജീവനെനിക്കുദുഃഖമില്ലെ
തവകാൎയ്യമതിന്നുപോയതല്ലെ
ഇവനെന്തിന്നുഭയംഭവാനുമില്ലെ. ൧൱൨

അതുകേട്ടുടനൊന്നുഞെട്ടിയിന്ദ്ര-
നതുനേരത്തുപറഞ്ഞുപുണ്യസിദ്ധോ
അവിടുന്നുപുറത്തുപോയിടാഞ്ഞാ-
ലിവിടെക്കൂടദഹിക്കുമില്ലവാദം. ൧൱൩

ഇവിടുന്നിവിടത്തിലൊട്ടിരുന്നാ
ലവതാളത്തിലതാകുമിന്ദ്രലോകം
ഇവനൊട്ടുതുണയ്ക്കുവാനശക്തൻ
അവിടുന്നങ്ങുഗമിക്കതാണുയോഗ്യം. ൧൱൪

അമരാപുരിയെച്ചുഴന്നുചക്രം
അമരന്മാരുടനോടിയങ്ങുമിങ്ങും
കരിമേഘമടുത്തുമാരിതൂകി-
ത്തിരപൊട്ടുമ്പടിയങ്ങെരിച്ചുചക്രം ൧൱൫

എരിയുന്നമുരാരിദിവ്യചക്രം-
തിരിയുന്നതത്ഭുതമെന്തുമിന്നലെപ്പോൽ
കരിയുന്നടനൊട്ടടുത്തതെല്ലാം
പൊരിയുന്നമ്മലർപോലെവൃക്ഷജാലം. ൱൰൬

കളഭംകരിയുംപുലിക്കലങ്ങൾ
കളവല്ലേന്നരിനായസൂകരങ്ങൾ
കിളിമാൻകളവേന്നിമാരുമെല്ലാം
നിലവിട്ടോടിയൊളിച്ചുലച്ചുയായി. ൱൰൭

ദിവമൊക്കെനിറഞ്ഞദിവ്യതേജ-
സ്സവിടെക്കണ്ടുഭയന്നദേവരാജൻ
നരകാരിമഹത്വമോർത്തുകമ്പി-
ട്ടരവിന്ദോത്ഭവപുത്രനോടുരച്ചു. ൱൰൮

ഒരുരണ്ടുമിനുട്ടുകാത്തിരുന്നാ-
ലൊരുപോലേസകലംദഹിച്ചുപോകും
ഇതുകാൺകമരാവതിക്കുതീവ-
ന്നിതപാരമന്നതിരിഞ്ഞുടുത്തുചക്രം. ൱൰൯

ഉടനമ്മുനിയോടിവാടിദേഹം
നൊടിയുള്ളിടവിധിതന്നടുക്കലെത്തി
സരസീരുഹസംഭവമ്പദാബ്ജെ-
ത്വരിതംചെന്നുനമിച്ചുഭീതിയോടും. ൱൨൰

അതിവിസ്തൃതിയെനിക്കുവന്നനത്ഥ-
മതിലങ്ങേയ്ക്കൊരുവാശിയൊട്ടുമില്ലേ
ഇതവന്നെന്നെദഹിച്ചിടുന്നുചക്ര-
മതിൽനിന്നെന്നെയകററിനിൎത്തിടേണം. ൱൭൫

വിധിയിത്തരമല്ല ജോലിയിങ്ങു-
ണ്ടധികംനോക്കുവതിന്നെനിക്കു പണ്ടേ
മധുസൂദനനോടു പോരിനും ഞാ-
നധുനാ കോപ്പിടുകില്ലയെന്നുരച്ചു. ൱൭൬

വിധിയിത്തരമോതിയിത്തരത്തിൽ
വിധിയെന്നോൎത്തുതിരിച്ചു മാമുനീന്ദ്രൻ
കലഹപ്രിയനാം മുനിക്കു ചിത്ത-
ചലനംകൊണ്ടു തിരിഞ്ഞതില്ല തത്വം. ൱൭൭

മടവാർമുടിയായകാന്തയെത്ത-
ന്മടിയിൽചേൎത്തു മനോഹരാംഗിതന്റെ
കുളുർകൊങ്കയണച്ചു മാഴ്കിടുന്നോ-
രളവിൽ ശംഭുപദം നമിച്ചു വിപ്രൻ. ൱൭൮

ശിവനക്കുളുർകൊങ്കയും പുണന്ന-
ശ്ശിവശിഷ്യനൊടു മെല്ലെ ചോദ്യമായി
അതിദുഃഖമതെന്തുവന്നതിപ്പോ-
ളിതുകാലത്തിവിടത്തിലോടിയെത്താൻ. ൱൭൯

പുരവൈരിവചസ്സുകേട്ടു ചിത്തേ
പരിതാപം ബത വന്നകാരണങ്ങൾ
പരനോടുപറഞ്ഞു മാമുനീന്ദ്ര-
നരമാത്ഥങ്ങളറിഞ്ഞുരച്ചു ദേവൻ. ൱൧൬

അതുകേട്ടു ചിരിച്ചുരച്ചിതീശൻ
ഇതു ചിന്തിച്ചിവിടത്തിൽ നിന്നിടൊല്ലേ
മുരവൈരിയൊടിന്നു പോരുചെയ്യാ-
നൊരുകോപ്പില്ല നമുക്കു മാമുനീന്ദ്രാ. ൱൧൭

കലശസ്തനി പാർവ്വതിക്കുമൊട്ടും
കലഹത്തിങ്കലൊരിഷ്ടമില്ല കേട്ടോ
കലഹത്തിനതുള്ളകോപ്പുമില്ലാ
ബലവുംപോര നമുക്കു വൃദ്ധനല്ലേ. ൱൧൮

ഉടനങ്ങിഹ ചെന്നു വാസുദേവ-
നടിതാർക്രപ്പുകയാണു വേണ്ടകാര്യം
മടിയൊല്ല ഭവാനതിന്നു ചെറുമം
പിടയേണ്ടിങ്ങിവിടത്തിലാവതില്ല. ൱൧൯

ജടയുംമുടിയും പറന്നു കാററിൽ
കുടയുംപാറിയുഴന്നു വീണുരുണ്ടും
ചൊടിയുംവിട്ടു കരഞ്ഞു പാഞ്ഞുഴറേറാ-
ടവിടംവിട്ടു വിറച്ചു മാമുനീന്ദ്രൻ ൱൨൦

തുടരെത്തുടരെത്തുടൎന്നു ചക്രം
വടിവിൽച്ചെന്നു തിരിഞ്ഞുതട്ടു ചിത്രം
മതിമാൻമുനി കാട്ടിലല്ല തോട്ടി-
ലതിലും ചെന്നു പതിഞ്ഞൊളിച്ചിരുന്നു. ൧൮൧

ജലരാശിയിലന്നെറിഞ്ഞു ചക്രം
നലമോടങ്ങു മരിച്ചനേകനക്രം
അതുകൊണ്ടു മടങ്ങിയില്ല ചക്ര-
മതുപോലമ്മുനിയോടിയാടിചക്രം. ൧൮൨

മുനിവന്നൊരുഗഹ്വരത്തിനുള്ളിൽ
തനിയെച്ചെന്നുകടന്നു വിഷ്ണുചക്രം
ഇതചെന്നുകടന്നിടുന്നിതുള്ളി-
ലതിലും മാമുനിയൊന്നുവീൎപ്പുമുട്ടി. ൧൮൩

കടുതാകിയപാറതന്റെയുള്ളി-
ലുടനേപെട്ടുമരിച്ചുപോകുമയ്യോ
ഇദമോൎത്തു തപോബലപ്രഭാവാൽ
മദമായ് മറെറാരുദിക്കടേച്ചുചാടി. ൧൮൪

കൃതകൃത്യനതായൊരംബരീഷം
ചതിചെയ്യാനുടനോൎത്തതൽഫലത്തെ
ഇവനിന്നുഫലിച്ചിടുന്നുമേന്മേൽ
ശിവനേമേലിനിയെന്തുസംഭവങ്ങൾ. ൧൮൫

ഒരുബന്ധുവതില്ലെനിക്കുപണ്ടേ
യൊരുവനും കൃപയില്ലനമ്മടൊട്ടും
ഒരുവാശിനിമിത്തമാണുഞാനി-
ത്തരമെല്ലാം വെറുതേകഴത്തിലാക്കി. ൧൰൩

ഒരുകാലമതിന്ദ്രനെശ്ശപിച്ചാ-
നൊരുപൂവാനചവിട്ടിയൊരുമൂലം
അതുമല്ലഗജേന്ദ്രനെശ്ശപിച്ചാ-
ന്മതിബോധംബതവിട്ടഭാഗ്യദോഷം. ൧൰൪

അവരെത്രദിനം കഴിച്ചുകാട്ടിൽ
ശിവനെതൊട്ടിലുമിന്നതിൻെറപാപം
ഇവനിങ്ങുഫലിച്ചുപോയതിന്ദ്രൻ
ശിവനേയൊന്നുചതിച്ചുകഷ്ടകാലം. ൧൰൫

ഇതുപോലെയതെത്രപേരെഞാനെ-
ന്മതിദോഷത്തൊട്ടമങ്ങുശാപമേകി
അതിനുള്ളഫലങ്ങളാണിതെല്ലാ-
മിതുനാൾതൊട്ടവസാനമാക്കിശാപം. ൧൰൬

മുനിയെന്നൊരുപേരതുണ്ടുമാത്രം
നിനവെല്ലാംതകരാറിനാണുനിത്യം
അതുകൊണ്ടുവെറുത്തുപത്മനാഭ
നതുമൂലംശിവനേയുഴന്നുഞാനും. ൧൰൭

ക്ഷമയെന്നതുലോകരിക്കുവേണം
ശമമില്ലെങ്കിലവൎക്കുമില്ലസൌഖ്യം
മുനിയെങ്കിലവന്നുമുഖ്യധൎമ്മം
ക്ഷമയാണങ്ങിഹഭൂഷണംപരന്നും. ൧൱൧

മുരവൈരിയെയിന്നുചെന്നുകണ്ടാ-
ല്പരനെന്തൊന്നുകഥിക്കുമോവിശേഷം
അതുവേണ്ടമരിച്ചിടട്ടെഞാനെ
ന്നതുചിന്തിച്ചിഹചാടിഗംഗതന്നിൽ. ൧൱൨

ക്ഷമകൊണ്ടുമുനിക്കുതന്മനസ്സ-
ക്രമമായില്ലശരിക്കുതോന്നികാൎയ്യം
ഇനിനല്ലതുവിഷ്ണുപാദപത്മ
ത്തിനുകൂപ്പുന്നതുയോഗ്യമെന്നുറച്ചു. ൧൱൩

ഉടനങ്ങിഹപാല്ക്കടല്ക്കുചെന്നി
ട്ടടികൂപ്പിപ്പരനേമഹതഭയത്താൽ
അയുതായുതകൊടിയൎക്കരൊത്തി-
ട്ടടവിൽകണ്ടുതെളിഞ്ഞുവിശ്വരൂപം ൧൱൪

അതിസൽഗുണവാരിധേഭവാന്താ-
നിതുകാലത്തുവരാനതെന്തുമൂലം
ഇതുമട്ടുചിരിച്ചുരച്ചുദേവൻ
അതുനേരംമുനിവീണുരുണ്ടുകേണു. ൧൱൫

അതിപുണ്യമെഴുന്നൊരംബരീഷൻ
മതിമാനോടുപിണങ്ങിവാസുദേവാ
അതുകൊണ്ടുമഹത്വമാൎന്നചക്രം
ഇതവന്നെന്തലഭസ്മമാക്കിടുന്നു. ൯൭

അതുകേട്ടുപറഞ്ഞുവാസുദേവൻ
ഇതിനെന്നാലെനിവൃത്തിയില്ലപോകാം
അതിഭക്തിയെഴുന്നവൎക്കുദാസ-
നതുഞാനെന്നുഭവാനറിഞ്ഞതില്ലെ. ൯൮

വെറുതെത്തിരിയെണ്ടതംബരീഷ-
ന്നരികെച്ചെന്നുരചെയ്യവേണ്ടകാൎയ്യം
അവനോടുപറഞ്ഞിടായ്കിലിപ്പോ-
ളിവനാൽസാദ്ധ്യമതില്ലപോകവേഗം. ൯൯

രമയുംമുനിയോടുരച്ചുമേലിൽ
ക്ഷമവേണംതവഃധീക്കുപറവുകില്ലാ
പലരോടുപിണങ്ങിടുന്നശീലം
ബലവാനാംനൃപനോടുപററിയില്ലെ. ൧൦൦

മമകാന്തനൊരുത്തരോടുവൈരം
രമണീയാംഗനടിക്കുകില്ലകേട്ടോ
ക്ഷമയുള്ളവരിക്കുദാസനാണേ
മമകാന്തന്മടിവിട്ടുധന്യമൂൎത്തെ. ൧൦൦

ഉടനങ്ങെഴുന്നീററുയാത്രചൊല്ലി-
ക്കടലിൽക്കൂടിയവൻതപഃപ്രഭാവാൽ
ഉടനോടിയെരിഞ്ഞുവിഷ്ണുചക്രം
അടവില് ചെന്നുചുഴന്നുമാമുനീന്ദ്രം. ൨൦൧

പറവാമ്പണിയംബരീഷഭൂപൻ
കരയുന്നമ്മുനിതൻെറകൃത്യമോൎത്തു
തിരിയുന്നുമരിക്കുവാങ്കരത്തി-
ലെരിയുംവാളുമെടുത്തുവിഷ്ണുഭക്തൻ. ൨൦൨

ഒളിയുന്നൊരുവാളെടുത്തുവേഗം
കളവല്ലേകഠിനം കഴുത്തിൽവെച്ചു
കളവേണിജനംനയിച്ചുവാവി-
ട്ടലറിച്ചെന്നുപിടിച്ചുകയ്യുരണ്ടും. ൨൦൨

ചിലവിപ്രരുചെന്നടുത്തുമെല്ലെ
നലമോടന്നുപറഞ്ഞു സാന്ത്വനങ്ങൾ
അതുകേട്ടടനൊന്നടങ്ങി,ദുഃഖ
മതുവിട്ടില്ല,തൊഴിച്ചുരാജരത്നം. ൨൦൩

ശിവനേമുനിവന്നുവെങ്കിലപ്പോ
ളിവനുണ്ടുവരായ്കിലക്ഷണംഞാൻ
ഗളരന്ധ്രമറുത്തുജീവനാശ-
മുളവാക്കും കളിയല്ലയെന്നുരച്ചു. ൨൦൪

സഭയിൽപലരൊത്തു ഭൂപതീന്ദ്രൻ
ശുഭദാതാവതിരുന്നിടുന്നനേരം
ഒളിമിന്നലുപോലെദീപ്തിപൊങ്ങി
ക്കളെവല്ലേമുനിതാൻവരുന്നുഘോഷം. ൨൦൪

ഉള്ളിലൂന്നത്ത മദമുള്ളമുനീന്ദ്രനപ്പോ
ളുള്ളംകുഴഞ്ഞുസഭയിൽബെത്തവന്നുവീണു
വല്ലാതുഴന്നുനൃപനോടുപറഞ്ഞുനീയി-
ന്നല്ലാതെയില്ലൊരുവനെന്നുടെ രക്ഷചെയ്വാൻ. ൨൦൫

ഓടിത്തളൎന്നുപൊരിയുന്നരിയാടുവാനും
ക്രുടിസ്സഖേയിവനുശക്തിയതില്ലയെന്നായ്
ആടല്ലുഹേതുതവചക്രമതാണെനിക്കു
വാടിത്തളൎന്നമമമെയ്യുടനസ്തമിക്കും. ൨൦൬

വല്ലാതെഞാമ്പിഴകൾചെയ്തതു ധന്യമൂൎത്തേ
മല്ലാരിയാണമമകുററമതല്ലസത്യം
ചൊല്ലാമതിന്നുടയകാരണമൊക്കമേലിൽ
കല്യാണമാംതവഗുണങ്ങൾ വിളങ്ങുമെങ്ങും. ൨൦൭

ധൎമ്മിഷ്ഠനാം നൃപതിയാകിയൊരംബരീഷൻ
ധൎമ്മജ്ഞനാംമുനിവചസ്സുകൾ കേട്ടനേരം
ധൎമ്മംനിനച്ചൊളിവെഴുന്ന സുദൎശനത്തിൻ
മൎമ്മംപിടിച്ചുടനടക്കിയൊതുക്കിചക്രം. ൨൦൮

പിന്നിട്ടുതമ്മിലവരിഷ്ടമൊടൊത്തുചേൻ
നിന്നിട്ടുമെയ്യുതഴുകിപ്രണയാധിരമ്യം
ഒന്നിച്ചിരുന്നുടനെയഷ്ടികഴിച്ചുഭൂപൻ
വന്ദിച്ചുമാമുനിപിരിഞ്ഞുതെളിഞ്ഞുലോകം. ൧൯൦

ഇക്കഥയുരചെയ്തീടാൻ
തക്കൊരുഭാഗ്യംനമുക്കുതന്നോരാം
ഉല്പലവാസിനിഭഗവതി
സല്പദയുഗ്മംതൊഴുന്നുഗീർവ്വാണി. ൧൯൯

"മനോമോഹനം"പ്രസ്സ്,

കൊല്ലം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA3 Acc. No. 14349

This book should be returned on or before the date last stamped below.

MA3

NAM-R

14349

നമ്പ്യാർ സി.കെ

രാജ്യധർമ്മം